സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 10 2025 മാർച്ച് 13 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കുന്നംകുളം നഗരസഭ പരിധിയിൽ നിന്നും കാട്ടുപന്നികളെ വെടിവെച്ചുകൊന്നു

കുന്നംകുളം : നഗരസഭ പരിധിയിൽ14 കാട്ടുപന്നികളെ വെടിവെച്ചുകൊന്നു. മേഖലയിൽ കാട്ടുപന്നികൾ കൂട്ടത്തോടെ എത്തി കൃഷി നശിപ്പിക്കുന്നത് പതിവായ സാഹചര്യത്തിലാണ് നഗരസഭ പന്നികളെ കൊല്ലാനുള്ള തീരുമാനമെടുത്തത്. എറണാകുളം മരട് സ്വദേശി സംഗീതിനാണ് പന്നികളെ വെടിവയ്ക്കാനുള്ള കരാർ നഗരസഭയിൽ നിന്ന് ലഭിച്ചിരുന്നത്. നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് കുന്നംകുളം, കാണിയാമ്പാൽ, നെഹ്റു നഗർ, ചീരംകുളം, ആർത്താറ്റ് മേഖലകളിൽ നിന്നായി പന്നികളെ കണ്ടെത്തിയത്. കഴിഞ്ഞ ഒരു വർഷം മുമ്പ് മേഖലയിൽ നിന്നും ഒരു പന്നിയെ വെടിവെച്ച് കൊന്നിരുന്നു. മാസങ്ങളായി കൗൺസിലിൽ നഗരത്തിലെ പന്നി ശല്യത്തെ കുറിച്ച് ചർച്ച പതിവായിരുന്നു.

അനന്തപുരി അമ്മയുടെ തിരുമുറ്റമായി, അനുഭൂതിയായി ആറ്റുകാൽ പൊങ്കാല; കിലോമീറ്ററുകൾ നീണ്ട് പൊങ്കാലയടുപ്പുകൾ

തിരു: അനന്തപുരി അമ്മയുടെ തിരുമുറ്റമായി. ആറ്റുകാലമ്മയ്ക്ക് പൊങ്കാലയർപ്പിച്ച് സ്ത്രീ ലക്ഷങ്ങൾ. രാവിലെ 10.15ന് പണ്ടാര അടുപ്പിൽ തീ പകർന്നതോടെ ദേവീചൈതന്യം അഗ്നിനാളമായി നാടാകെ നിറഞ്ഞു. അകലങ്ങളിൽ നിന്ന് ആറ്റുകാലമ്മയ്ക്ക് പൊങ്കാല അർപ്പിക്കാൻ എത്തിയ പതിനായിരങ്ങൾക്ക് അകലമില്ലാത്ത മനസുമായി തലസ്ഥാനം ആതിഥ്യമരുളുകയാണ്.

ദിവസങ്ങൾക്കുമുമ്പുതന്നെ ആറ്റുകാലും പരിസരങ്ങളും ഭക്തജന നിബിഡമായിരുന്നു. ക്ഷേത്രത്തിൽ നിന്ന് കിലോമീറ്ററുകൾ അകലേക്കുവരെ പൊങ്കാല അടുപ്പുകൾ നിരന്നു. കത്തുന്ന കുംഭച്ചൂടിനെ അവഗണിച്ചാണ് ഭക്തർ പൊങ്കാലർപ്പിക്കുന്നത്. സ്വകാര്യ വാഹനങ്ങളിലും ബസിലും ട്രെയിനിലുമായെത്തിയ അന്യജില്ലക്കാർ ഇന്നലെ വൈകിട്ടോടെ പ്രധാന റോഡുകളും ഇടവഴികളും കൈയടക്കി. തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര, തെലങ്കാന സംസ്ഥാനങ്ങളിൽ നിന്നും ഭക്തർ എത്തിയിട്ടുണ്ട്. ഒപ്പം വിദേശികളും.നഗരത്തിലെ പ്രധാന റോഡുകൾക്കൊപ്പം ഇടറോഡുകളും വീട്ടുമുറ്റങ്ങളും

പൊങ്കാലക്കലങ്ങൾ നിറഞ്ഞിരിക്കുകയാണ്.ഉച്ചയ്ക്ക് 1.15നാണ് നിവേദ്യം. 300ലേറെ ശാന്തിക്കാർ തീർത്ഥം തളിക്കാൻ അണിനിരക്കും. നിവേദ്യ സമയത്ത് സെസ്ന വിമാനത്തിൽ നിന്ന് പുഷ്പവൃഷ്ടിയുണ്ടാവും.

പൊങ്കാലയോടനുബന്ധിച്ച് വലിയ രീതിയിലുള്ള സുരക്ഷാക്രമീകരണങ്ങളാണ് പൊലീസ് ഒരുക്കിയിട്ടുള്ളത്. ഹരിത ചട്ടങ്ങൾ പൂർണമായും പാലിക്കണമെന്നാണ് നഗരസഭ അറിയിച്ചിരിക്കുന്നത്.

ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് കുടിവെള്ളവും അന്നദാനവും വിതരണം നടത്തുന്നിടത്ത് ആരോഗ്യവകുപ്പ് പ്രത്യേക പരിശോധനകൾ നടത്തുമെന്ന് മേയർ ആര്യ രാജേന്ദ്രൻ അറിയിച്ചു.മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി ഒറ്റത്തവണ ഉപയോഗിക്കുന്നതും അമിതമായ മാലിന്യ ഉൽപാദനത്തിന് കാരണവുമാകുന്ന ഉൽപന്നങ്ങൾ ഒഴിവാക്കുന്നതിനും പകരം സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്, സ്റ്റീൽ പാത്രങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനും ഭക്തജനങ്ങളും അന്നദാനവും കുടിവെള്ളവും വിതരണം ചെയ്യുന്നവരും ശ്രദ്ധിക്കണമെന്നും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കണമെന്നും മേയർ ആര്യ രാജേന്ദ്രൻ ആവശ്യപ്പെട്ടിട്ടുണ്ട്.

70 മില്യൺ പൊങ്കാലയിടുന്നെന്നാണ് കണക്ക്, ഓരോ ജില്ലയിലും ഒരു അടുപ്പെങ്കിലുമുണ്ട്– സുരേഷ് ഗോപി

തിരു: ലോകത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് പൊങ്കാലയെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി. തിരുവനന്തപുരത്ത് സമരംനടത്തുന്ന ആശാ പ്രവർത്തകരുടെ സമരവേദി സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊങ്കാലയിടുന്ന ആശമാർക്ക് കഴിഞ്ഞദിവസം സുരേഷ് ഗോപി കിറ്റ് നൽകിയിരുന്നു.

'നമുക്ക് ഒരുപാട് അഹിതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ മാത്രമല്ല, മിക്കവാറും സംസ്ഥാനങ്ങളിലുണ്ട്. പഞ്ചാബിനെ വേണം ആദ്യം രക്ഷപ്പെടുത്തിയെടുക്കാൻ. ഏതുവഴിക്കാണ് ഈ അപകടവരുന്നതെന്ന് അറിഞ്ഞൂടേ? ദുഷ്ടലാക്കോടെ യുവത്വത്തേയും അതുവഴി ഭാരതത്തേയും നശിപ്പിക്കാനുള്ള ഉദ്ദേശത്തെ കത്തിച്ചുകളയാനുള്ള പ്രാർഥനയായിരിക്കണം പൊങ്കാല', സുരേഷ് ഗോപി പറഞ്ഞു.

'70 മില്യൺ പൊങ്കാലയിടുന്നുവെന്നാണ് കണക്ക്. അത് പൂർണ്ണമല്ല. എല്ലാ ജില്ലയിലും ഒരു അടുപ്പെങ്കിലുമുണ്ട്. എത്ര ആയിരം അടുപ്പാണെന്ന് നിങ്ങൾ പറയൂ. നിങ്ങൾ പറഞ്ഞാൽ തള്ളാവില്ല, ഞാൻ പറഞ്ഞാൽ തള്ളായിപ്പോവും. കാരണം, ഞാൻ കേരളത്തിൽനിന്നാണത് പറയുന്നത്. എത്ര കോടിയാണ് മഹാകുംഭമേളയിൽ വന്നത്. ദിവ്യസ്നാനത്തിനുവേണ്ടി വന്നതാണ്. അവർക്ക് 60 ദിവസം തികഞ്ഞില്ല എന്നാണ് പറയുന്നത്. അറുപതോ, എഴുപതോ കോടി വന്നാൽ ഒരുദിവസം 1000 രൂപ വെച്ച് ചെലവാക്കാതിരിക്കാൻ പറ്റുമോ? അവിടെത്തെ തുഴച്ചിൽ നടത്തുന്നവർ എത്രകോടിയാണ് സമ്പാദിച്ചത്? 30 കോടിയാണ് സമ്പാദിച്ചത്. ഇതൊക്കെ ഏത് സർക്കാരിന് കൊടുക്കാൻ പറ്റും? അങ്ങനെയൊരു ഭക്തസമൂഹം വന്ന് യു.പിയുടെ ജി.ഡി.പി. ഉയർത്തിയിട്ടുണ്ടെങ്കിൽ, അത് രാജ്യത്തിന്റെ ജി.ഡി.പിയിലേക്കാണ് വന്നുചേരുന്നത്. രാജ്യത്തെ വിവിധ മതക്കാർ, ആചാരക്കാർ അവരെല്ലാം ആ ചോറുണ്ണാൻ പോവുകയാണ്. അതിനെ നിന്ദിക്കുന്നവരുടെ ഡിഎൻഎയിലെങ്കിലും ഇത്തിരി ലജ്ജവേണം. ഇതെല്ലാം പ്രാർഥനയാണ്, പൊങ്കാലയും പ്രാർഥനയാണ്', അദ്ദേഹം കൂട്ടിച്ചേർത്തു.

ഷെയ്ഖ് ഹസീന വീണ്ടും പ്രധാനമന്ത്രിയാകും?

മോദിക്കും ഇന്ത്യയ്ക്കും നന്ദി

ഷെയ്ഖ് ഹസീന വീണ്ടും ബംഗ്ലാദേശ് പ്രധാനമന്ത്രിയാവാനുള്ള സാധ്യത തെളിയുന്നുവെന്ന് യുഎസ്എ അവാമിലീഗ് നേതാവ് റാബി ആലം. നിൽക്കക്കള്ളിയില്ലാതായ നേതാവിന് അഭയം നൽകിയതുൾപ്പെടെയുള്ള സഹായസഹകരണങ്ങൾക്ക് ഇന്ത്യയോട് നന്ദി പറയുന്നുവെന്നും ആലം എഎൻഐ ന്യൂസ് ഏജൻസിയോട് പറഞ്ഞു. കടുത്ത രാഷ്ട്രീയ പ്രതിസന്ധിക്കിടെയാണ് ഷെയ്ഖ് ഹസീനയ്ക്ക് രാജ്യം വിടേണ്ടി വന്നത്, ആ സാഹചര്യത്തിൽ ഒരു മടിയും കൂടാതെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഹസീനയെ സ്വീകരിച്ചത്, പാർട്ടിയും രാജ്യവും എന്നും നന്ദിയുള്ളവരായിരിക്കുമെന്നും ആലം വ്യക്തമാക്കുന്നു.

ഷെയ്ഖ് ഹസീനയുടെ വലംകയ്യായ നേതാവാണ് റാബി ആലം. ഹസീനയുടെ രാഷ്ട്രീയ തിരിച്ചുവരവ് അധികം

വൈകാതെ തന്നെ സാധ്യമാകുമെന്നും ആലം പ്രത്യാശ പ്രകടിപ്പിക്കുന്നു. മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാറിനെ ഉടൻ തന്നെ പിരിച്ചുവിടപ്പെടണമെന്നും ഹസീന അധികാരത്തിലെത്തുമെന്നും ആലം പറഞ്ഞു. രാജ്യത്തെ യുവജനതയ്ക്ക് ഒരു തെറ്റുപറ്റി, അവരെ കുറ്റം പറയാനാവില്ല, തെറ്റിദ്ധാരണകളിലൂടെ യുവാക്കളുടെ മനസ് മാറ്റിയതാണെന്നും ആലം.

ബംഗ്ലാദേശ് വളരെ മോശം സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നതെന്നും രാജ്യാന്തരശ്രദ്ധ ബംഗ്ലാദേശിനുമേൽ ആവശ്യമാണെന്നും അവാമിലീഗ് നേതാവ് വ്യക്തമാക്കുന്നു. രാഷ്ട്രീയ പ്രക്ഷോഭം സ്വാഭാവികമാണെന്നും ബംഗ്ലാദേശിൽ സംഭവിച്ചത് പക്ഷേ തീവ്രവാദ പ്രക്ഷോഭമാണെന്നും ആലം.

രാഷ്ട്രീയ അനിശ്ചിതാവസ്ഥകളിൽ ഞങ്ങളുടെ പല നേതാക്കൾക്കും ഇന്ത്യ ആശ്രയവും അഭയവും നൽകിയിട്ടുണ്ട്, പ്രത്യേകിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയോട് എത്ര നന്ദി പറഞ്ഞാലും മതിയാകില്ലെന്നും ഇന്ത്യൻ ജനതയോടും തങ്ങളുടെ സ്നേഹം അറിയിക്കുന്നെന്നും ആലം വ്യക്തമാക്കുന്നു.

വാഹനാപകടത്തിൽ ഒരാൾ മരിച്ചു

ചാലക്കുടി പോട്ട ആശ്രമം സിഗ്നൽ ജംഗ്ഷനിൽ വാഹനാപകടം ഒരാൾ മരിച്ചു. ലോറി സ്കൂട്ടറിലിടിച്ചാണ് അപകടം. സിഗ്നൽ തെറ്റിച്ച ലോറി സ്കൂട്ടറിൽ ഇടിച്ച് നിരങ്ങി നീങ്ങി. സ്കൂട്ടർ യാത്രക്കാരനാണ് മരിച്ചത്. മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല. രാസവസ്തു കയറ്റി വന്ന ലോറി പൂർണ്ണമായും കത്തി നശിച്ചു. സ്കൂട്ടർ റോഡിലുരഞ്ഞ് തീ പിടിക്കുകയായിരുന്നു.

ജീപ്പ് പാടത്തേക്ക് മറിഞ്ഞ്

കേച്ചേരി:അക്കിക്കാവ് ബൈപാസ് റോഡിൽ നിയന്ത്രണംവിട്ട ജീപ്പ് പാടത്തേക്ക് മറിഞ്ഞ് അപകടം. 2 പേർക്ക് പരിക്കേറ്റു. ഈരാറ്റുപേട്ട സ്വദേശി സിജോ, മധ്യപ്രദേശ് സ്വദേശി അഫ്ദർ എന്നിവർക്കാണ് പരിക്കേറ്റത്.

ലിഫ്റ്റിൽ കുടുങ്ങി നാലരവയസ്സുകാരന് ദാരുണാന്ത്യം; കണ്ടെത്തിയത് ചോരയിൽ കുളിച്ച നിലയിൽ

ഹൈദരാബാദ്: അപ്പാർട്ട്മെന്റ് കെട്ടിടത്തിലെ ലിഫ്റ്റിൽ കുടുങ്ങി നാലരവയസ്സുകാരന് ദാരുണാന്ത്യം. ഹൈദരാബാദിലെ സന്തോഷ്നഗർ കോളനിയിലെ ആറുനില കെട്ടിടത്തിൽ ബുധനാഴ്ച രാത്രിയായിരുന്നു സംഭവം. കെട്ടിടത്തിലെ സുരക്ഷാ ജീവനക്കാരനായ നേപ്പാൾ സ്വദേശി ശ്യാംബഹദൂറിന്റെ മകൻ സുരേന്ദർ ആണ് മരിച്ചത്.

ലിഫ്റ്റിന് സമീപം കളിക്കുകയായിരുന്ന കുട്ടി ലിഫ്റ്റിനകത്തേക്ക് കയറാൻ ശ്രമിക്കുകയും പിന്നാലെ ലിഫ്റ്റിന്റെ വാതിലുകൾക്കിടയിൽ കുടുങ്ങുകയുമായിരുന്നു. അപകടം നടന്ന് പത്തുമിനിറ്റോളം കഴിഞ്ഞാണ് സംഭവം പുറത്തറിയുന്നത്. കുട്ടിയെ കാണാതായതോടെ തിരഞ്ഞെത്തിയ മാതാപിതാക്കൾ ചോരയിൽ കുളിച്ചു കിടക്കുന്ന നിലയിലാണ് കുട്ടിയെ കണ്ടെത്തിയത്. തുടർന്ന് കുട്ടിയെ പുറത്തെടുത്ത് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു.

നേപ്പാൾ സ്വദേശിയായ ശ്യാംബഹദൂറും കുടുംബവും ഏഴുമാസം മുമ്പാണ് ഹൈദരാബാദിലെത്തിയത്. അപ്പാർട്ട്മെന്റ് കെട്ടിടത്തിൽ സുരക്ഷാ ജീവനക്കാരനായി ജോലിചെയ്തുവരികയായിരുന്നു ശ്യാംബഹദൂർ. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ലിഫ്റ്റിനോട് ചേർന്നുള്ള ചെറിയ മുറിയിലാണ് ശ്യാംബഹദൂറും ഭാര്യയും രണ്ട് കുട്ടികളും താമസിച്ചിരുന്നത്.

ഡൽഹിയിലെ ഹോട്ടലിൽ ബ്രിട്ടീഷ് യുവതിയെ ബലാത്സംഗം ചെയ്തു; രണ്ടുപേർ അറസ്റ്റിൽ

ന്യൂഡൽഹി: ഡൽഹിയിലെ ഹോട്ടലിൽ ബ്രിട്ടീഷ് യുവതി ബലാത്സംഗത്തിനിരയായി. സാമൂഹികമാധ്യമത്തിലൂടെ പരിചയപ്പെട്ട യുവാവാണ് ഡൽഹി മഹിപാൽപുരിലെ ഹോട്ടലിൽവെച്ച് ബ്രിട്ടീഷ് യുവതിയെ ബലാത്സംഗംചെയ്തത്. സംഭവത്തിൽ പ്രതിയായ കൈലാഷ് എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തു. യുവതിക്ക് നേരേ ലൈംഗികാതിക്രമം നടത്തിയതിന് ഇയാളുടെ സുഹൃത്തായ വസീം എന്നയാളെയും പോലീസ് പിടികൂടി.

ബ്രിട്ടീഷ് യുവതിയും കൈലാഷും നേരത്തെ ഇൻസ്റ്റഗ്രാം വഴി പരിചയമുള്ളവരാണെന്നാണ് പോലീസ് പറയുന്നത്. മഹാരാഷ്ട്രയിലും ഗോവയിലും അവധിക്കാലം ചെലവഴിക്കാനായാണ് യുവതി അടുത്തിടെ ഇന്ത്യയിലെത്തിയത്. ഇതിനിടെ കൈലാഷിനോടും തനിക്കൊപ്പം യാത്രയിൽ പങ്കുചേരാൻ ആവശ്യപ്പെട്ടു. എന്നാൽ, തനിക്ക് യാത്രചെയ്യാനാകില്ലെന്നും പകരം ഡൽഹിയിലേക്ക് വരാനുമാണ് കൈലാഷ് യുവതിയോട് പറഞ്ഞത്. ഇതനുസരിച്ച് ചൊവ്വാഴ്ച യുവതി ഡൽഹിയിലെത്തുകയും മഹിപാൽപുരിലെ ഹോട്ടലിൽ മുറിയെടുക്കുകയും ചെയ്തു. തുടർന്ന് അന്നേദിവസം രാത്രി ഹോട്ടൽമുറിയിലെത്തിയ കൈലാഷ് യുവതിയെ ബലാത്സംഗം ചെയ്തെന്നാണ് പരാതി. കൈലാഷിനൊപ്പം ഹോട്ടലിലെത്തിയ വസീമും യുവതിക്ക് നേരേ അതിക്രമം കാട്ടിയെന്നും പരാതിയിലുണ്ടായിരുന്നു.

സംഭവത്തിൽ ബുധനാഴ്ച രാവിലെയാണ് യുവതി വസന്ത്കുഞ്ച് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത്. തുടർന്ന് പോലീസ് കേസെടുക്കുകയും പ്രതികളെ പിടികൂടുകയുമായിരുന്നു. ബ്രിട്ടീഷ് ഹൈക്കമ്മീഷനെയും പോലീസ് വിവരമറിയിച്ചിട്ടുണ്ട്.

കേസിലെ മുഖ്യപ്രതിയായ കൈലാഷ് ഒരു സ്വകാര്യ കമ്പനിയിലെ ജീവനക്കാരനാണെന്നാണ് പോലീസ് പറയുന്നത്. ഇൻസ്റ്റഗ്രാം വഴിയാണ് ബ്രിട്ടീഷ് യുവതിയെ പരിചയപ്പെട്ടതെന്നാണ് ഇയാളുടെയും മൊഴി. ഇംഗ്ലീഷ് സംസാരിക്കാൻ ബുദ്ധിമുട്ടായതിനാൽ ഗൂഗിൾ ട്രാൻസലേറ്ററിന്റെ സഹായത്തോടെയാണ് യുവതിയുമായി ആശയവിനിമയം നടത്തിയിരുന്നതെന്നും ഇയാൾ പോലീസിനോട് പറഞ്ഞിട്ടുണ്ട്.

അതിനിടെ, ഹോട്ടലിലെ ലിഫ്റ്റിൽവെച്ചാണ് വസീം വിദേശവനിതയ്ക്ക് നേരേ അതിക്രമം കാട്ടിയതെന്നും റിപ്പോർട്ടുകളുണ്ട്. കൈലാഷിന്റെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെട്ട് ഹോട്ടൽ റിസപ്ഷനിൽ വിവരമറിയിക്കാൻ പോകുന്നതിനിടെ സഹായിക്കാമെന്ന് വാഗ്ദാനംചെയ്ത് വസീം ലിഫ്റ്റിൽവെച്ച് യുവതിയെ ഉപദ്രവിച്ചെന്നാണ് ചില മാധ്യമങ്ങളുടെ റിപ്പോർട്ടുകളിലുള്ളത്.

ദളിത് ചിന്തകനും എഴുത്തുകാരനുമായ കെ.കെ. കൊച്ച് അന്തരിച്ചു

കോട്ടയം: ദളിത് ചിന്തകനും എഴുത്തുകാരനും സാമൂഹിക പ്രവർത്തകനുമായ കെ.കെ. കൊച്ച് (76) അന്തരിച്ചു. ചികിത്സയിൽ കഴിയവേ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്നു അന്ത്യം. കേരളത്തിലെയും ഇന്ത്യയിലെയും ദളിത്–കീഴാള ജീവിതങ്ങളെ അടയാളപ്പെടുത്താനും അവകാശങ്ങൾ നേടിയെടുക്കാനും നിരന്തരം പ്രവർത്തിക്കുകയും എഴുതുകയും ചെയ്ത മൗലിക ചിന്തകനായിരുന്നു കെ.കെ. കൊച്ച്.

1949 ഫെബ്രുവരി രണ്ടാം തീയതി കോട്ടയം ജില്ലയിലെ കല്ലറയിലാണ് ജനനം. അടിയന്തരാവസ്ഥക്കാലത്ത് ആറുമാസം ഒളിവിൽ കഴിഞ്ഞിരുന്നു. കമ്മ്യൂണിസ്റ്റ് യുവജനവേദി, ജനകീയ തൊഴിലാളിയൂണിയൻ, മനുഷ്യാവകാശ സമിതി എന്നീ സംഘടനകൾ രൂപവത്കരിക്കാൻ നേതൃത്വം നൽകി. സീഡിയൻ എന്ന സംഘടനയുടെ കേന്ദ്രകമ്മിറ്റിയംഗവും സീഡിയൻ വാരികയുടെ പത്രാധിപരുമായിരുന്നു.

1971–ൽ മാതൃഭൂമി ആഴ്ചപ്പതിപ്പ് കോളേജ് വിദ്യാർഥികൾക്കു വേണ്ടി നടത്തിയ സാഹിത്യമത്സരത്തിൽ നാടകരചനയ്ക്ക് രണ്ടാം സമ്മാനം നേടിയിരുന്നു. 1977–ൽ കെഎസ്ആർടിസിയിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച് 2001–ൽ സീനിയർ അസിസ്റ്റന്റായാണ് വിരമിച്ചത്.

കേരളചരിത്രവും സമൂഹരൂപീകരണവും, ദളിത് പാഠം, കലാപവും സംസ്കാരവും, ദേശീയതക്കൊരു ചരിത്രപാഠം മുതലായ കൃതികൾക്ക് പുറമെ ആത്മകഥയായ ''ദളിതൻ' ഏറെ ശ്രദ്ധ നേടിയിരുന്നു.

അമ്മ പാളത്തിൽ, ഒക്കത്ത് കൈക്കുഞ്ഞ്, കൈവീശി ആ പെൺകുട്ടി'; നിർത്താനാകാതെ ട്രെയിൻ

കോട്ടയം: ഏറ്റുമാനൂരിൽ മക്കൾക്കൊപ്പം ട്രെയിനിനു മുന്നിൽ ചാടി ജീവനൊടുക്കിയ ഷൈനിയും കുഞ്ഞുങ്ങളും കേരളത്തിന്റെ ഒന്നാകെ വേദനയാണ്. കെട്ടിപ്പിടിച്ച് നിന്നാണ് മൂന്നുപേരും മരണത്തെ വരവേറ്റത്. ട്രെയിനിന്റെ ഹോൺ അടി കേട്ടിട്ടും ഇവർ മാറിയില്ലെന്ന് ലോക്കോപൈലറ്റ് പറഞ്ഞിരുന്നു. ഇപ്പോഴിതാ മറ്റൊരു അനുഭവം പങ്കുവച്ച് രംഗത്ത് വന്നിരിക്കുതയാണ് ദക്ഷിണ റെയിൽവേയിൽ സീനിയർ ലോക്കോ പൈലറ്റും ചിത്രകാരനുമായ പ്രദീപ് ചന്ദ്രൻ.

കുറേവർഷം മുൻപത്തെ ഒരു ദാരുണ അനുഭവമാണ് ഫെയ്സ് ബുക്കിലൂടെ പ്രദീപ് ഷെയർ ചെയ്തത്. ചാറ്റൽമഴയുള്ള ഒരു പ്രഭാതത്തിൽ തന്റെ ട്രെയിനിനു മുന്നിൽ എത്തിപ്പെട്ട ഒരു അമ്മയുടെയും രണ്ടു മക്കളുടെയും ഓർമയാണ് പ്രദീപ് പറയുന്നത്. ദൂരെനിന്നേ അവരെ കണ്ടു, നീട്ടി ഹോൺ അടിച്ചപ്പോൾ അമ്മ പാളത്തിൽ നിന്നിറങ്ങി. ഒക്കത്ത് കൈക്കുഞ്ഞ് ഉണ്ടായിരുന്നത് കൊണ്ടാകണം, മുതിർന്ന പെൺകുട്ടി പാളത്തിൽ തന്നെ നിന്നത് അമ്മ ശ്രദ്ധിച്ചില്ല. അവളാകട്ടെ, ട്രെയിൻ കണ്ട സന്തോഷത്തിൽ കൈവീശി തുള്ളിക്കളിച്ച് അവിടെ തുടർന്നു.

നീട്ടി ഹോണടിച്ചു, വീണ്ടും വീണ്ടും നീട്ടിയടിച്ചു, മറ്റൊന്നും ചെയ്യാൻ ഉണ്ടായിരുന്നില്ല പ്രദീപ് എഴുതുന്നു. എത്ര കാലം കഴിഞ്ഞാലും വിട്ടൊഴിയാത്ത ഓർമയായി ഈ ദുരന്തങ്ങൾ ഓരോ ലോക്കോ പൈലറ്റിന്റെയും മനസിൽ അവശേഷിക്കുമെന്ന് തന്നെ ഈ കുറിപ്പ് വായിക്കുമ്പോൾ മനസിലാക്കാം.

'ഭർത്താവുമായി പിണക്കമാണ്, പൂജ വേണം'; ഹണിട്രാപ്പിലൂടെ ജ്യോത്സ്യനിൽ നിന്ന് തട്ടിയെടുത്തത് നാലര പവന്റെ മാലയും പണവും

പാലക്കാട്: ജ്യോത്സ്യനെ വീട്ടിൽ വിളിച്ചുവരുത്തി ഹണിട്രാപ്പിലൂടെ സ്വർണവും പണവും തട്ടിയെടുത്ത കേസിൽ രണ്ട് പേർ അറസ്റ്റിലായി. മഞ്ചേരി സ്വദേശി മൈമൂന (44), കുറ്റിപ്പുള്ളം സ്വദേശി എസ് ശ്രീജേഷ് (24) എന്നിവരാണ് അറസ്റ്റിലായത്, കൊല്ലങ്കോട് സ്വദേശിയായ ജ്യോത്സ്യനാണ് തട്ടിപ്പിനിരയായത്. ഇന്നലെ ഉച്ചയോടെയായിരുന്ന സംഭവം. പ്രതികൾ ജ്യോത്സ്യനെ കല്ലാണ്ടിച്ചള്ളയിലെ വീട്ടിൽ വിളിച്ചുവരുത്തുകയായിരുന്നു. ചൊവ്വാഴ്ച വൈകുന്നേരം മൈമൂനയും മറ്റൊരു യുവാവും ജ്യോത്സ്യന്റെ വീട്ടിലെത്തിയിരുന്നു. ഭർത്താവുമായി പിണങ്ങി കഴിയുകയാണെന്നും വീട്ടിൽ ചില പ്രശ്നങ്ങൾ ഉണ്ടെന്നും പൂജ ചെയ്ത് പരിഹരിച്ച് തരണമെന്നും മൈമൂന ജ്യോത്സ്യനോട് ആവശ്യപ്പെടുകയായിരുന്നു.

അതനുസരിച്ച് ബുധനാഴ്ച രാവിലെ 11 മണിയോടെ ജ്യോത്സ്യനെ രണ്ട് യുവാക്കൾ ചേർന്ന് കല്ലാണ്ടിച്ചള്ളയിലെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകുകയായിരുന്നു. ഇവിടെ വച്ച് പൂജ ചെയ്യുന്നതിനുള്ള ഒരുക്കങ്ങൾക്കിടെ ഒരാൾ അസഭ്യം പറഞ്ഞ് ജ്യോത്സ്യനെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി മർദ്ദിച്ച് വിവസ്ത്രനാക്കുകയായിരുന്നു. ശേഷം മൈമൂനയെ ജ്യോത്സ്യനോടൊപ്പം നിർത്തി ചിത്രങ്ങളും വീഡിയോയും പകർത്തി. ഇയാളുടെ കഴുത്തിലുണ്ടായിരുന്ന നാലര പവൻ വരുന്ന സ്വർണമാലയും മൊബൈൽ ഫോണും 2000 രൂപയും പ്രതികൾ കൈക്കലാക്കി.

ഒടുവിൽ പ്രതികൾ ജ്യോത്സ്യനോട് 20 ലക്ഷം രൂപ ആവശ്യപ്പെടുകയായിരുന്നു. പണം തന്നില്ലെങ്കിൽ ചിത്രങ്ങൾ പ്രചരിപ്പിക്കുമെന്നും ഭീഷണിപ്പെടുത്തി. ഇതിനുപിന്നാലെ പ്രതികൾ വീടിന് പുറത്തുപോയ സമയത്ത് ജ്യോത്സ്യൻ ഓടി രക്ഷപ്പെടുകയായിരുന്നു. തുടർന്നാണ് കൊഴിഞ്ഞാമ്പാറ പൊലീസിന് പരാതി നൽകിയത്. ഇതേസമയം, ചിറ്റൂർ പൊലീസ് മറ്റൊരു കേസിലെ പ്രതിയെ തേടി കല്ലാണ്ടിച്ചള്ളയിലെ വീട്ടിലെത്തുകയായിരുന്നു.

ഇത് കണ്ട പ്രതികൾ വീട്ടിൽ നിന്ന് രക്ഷപ്പെട്ട് ഓടുകയായിരുന്നു. പൊലീസ് വീട് പരിശോധിക്കുന്നതിനിടയിലാണ് പൂജ നടത്തിയ ലക്ഷണങ്ങൾ കണ്ടെത്തിയത്. രക്ഷപ്പെട്ട് ഓടിയ ഒരു സ്ത്രീ മദ്യലഹരിയിൽ റോഡിൽ വീണു കിടക്കുന്നത് കണ്ട് നാട്ടുകാർ ചോദ്യംചെയ്തതോടെയാണ് ഹണിട്രാപ്പും കവർച്ചയും പുറത്തറിയുന്നത്. നാട്ടുകാരാണ് പൊലീസിനെ വിവരം അറിയിച്ചത്. തുടർന്ന് കൊഴിഞ്ഞാമ്പാറ പൊലീസ് സ്ഥലത്തെത്തി നടത്തിയ അന്വേഷണത്തിലാണ് വീട്ടിൽ നടന്ന സംഭവമെല്ലാം പുറത്തറിഞ്ഞത്. മൈമൂനയും മറ്റൊരു സ്ത്രീയും ഉൾപ്പടെ ഒമ്പത് പേർ കേസിൽ പ്രതികളാണെന്നാണ് പൊലീസ് പറയുന്നത്.

മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം സയ്യിദ് ആബിദ് അലി അന്തരിച്ചു

ന്യൂഡൽഹി: മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം സയ്യിദ് ആബിദ് അലി അന്തരിച്ചു. 83 വയസ്സായിരുന്നു. നിലവിൽ കാലിഫോർണിയയിൽ താമസിച്ചുവരുന്ന ആബിദ് അലിയുടെ വിയോഗം ബന്ധുവായ റേസാ ഖാനാണ് സോഷ്യൽ മീഡിയയിലൂടെ അറിയിച്ചത്.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

IA: 4/2024, OP No.: 1840/2023

ചാവക്കാട് താലൂക്ക്, നാട്ടിക അംശം ദേശത്ത്, പനക്കൽ മനോഹരൻ മകൻ 37 വയസ്, കാർത്തിക മനോഹരൻ വേണ്ടി പവർ ഓഫ് അറ്റോർണി ഹോൾഡറും പിതാവുമായ ചാവക്കാട് താലൂക്ക്, നാട്ടിക അംശം ദേശത്ത് പനക്കൽ രാഘവൻ മകൻ 66 വയസ്സ് മനോഹരൻ

–ഹരജിക്കാരി

1) കൊടുങ്ങല്ലൂർ താലൂക്ക്, കൈപ്പമംഗലം അംശം കൂരിക്കുഴി ദേശത്ത് ഇരിങ്ങതുരുത്തി അശോകൻ മകൻ 39 വയസ് ബബ്ലു അശോകൻ

–ഒന്നാം എതൃകക്ഷി

പത്രപരസ്യം

മേൽ നമ്പർ കേസ് ഹരജിക്കാരിക്ക് തന്റെ സ്വർണ്ണ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മയക്കുമരുന്നുകളുടെ ഉപയോഗം പുതു തലമുറയുടെ നാശത്തിലേക്കുള്ള ചൂണ്ടുപലക: എംഇഎസ്

തൃശൂർ: ഒരു രാജ്യത്തിന്റെ സാമൂഹിക ഘടനയെ പ്രതികൂലമായി ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളാണ് മയക്കുമരുന്നുകളും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗമെന്നും ഇവ ഇന്ന് ഒരു സമൂഹത്തെ തന്നെ കാർന്നുതിന്നുന്ന ഒരു മഹാവിപത്തായി വളർന്നു പന്തലിച്ചിരിക്കുന്നുവെന്ന് എം ഇ എസ്. പുതുതായി രൂപം കൊണ്ട ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ജില്ലയിൽ വ്യാപകമായ ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണം സംഘടിപ്പിക്കുമെന്ന് എം.ഇ.എസ്. ജില്ലാ കമ്മറ്റി യോഗം തീരുമാനമെടുത്തു. എം ഇ എ സിന്റെ ക്യാമ്പസുകൾ ലഹരി വിമുക്ത ക്യാമ്പസുകളാക്കും. വഖഫ് നിയമം കൈയ്യാളാനുള്ള കേന്ദ്ര സർക്കാർ നീക്കം അപലപനീയമാണെന്നും യോഗം വിലയിരുത്തി.

പി.കെ.മുഹമ്മദ് ഷമീർ

കെ എം അബ്ദുൾജമാൽ

തൃശ്ശൂർ ജില്ലാ കമ്മിറ്റി ഭാരവാഹികളായി പി.കെ.മുഹമ്മദ് ഷമീർ (പ്രസിഡണ്ട്), കെ എം അബ്ദുൾജമാൽ (സെക്രട്ടറി), പി.എ. മുഹമ്മദ് അസീം, കെ.എം. അബ്ദുൾ ഖാദർ (വൈസ് പ്രസിഡണ്ട്മാർ), ഇ.ഐ. മുജീബ്, കെ എച്ച്.മുഹമ്മദ് ബാബു (ജോ.സെക്രട്ടറിമാർ)എന്നിവരെ ഭാരവാഹികളായി യോഗം തിരഞ്ഞെടുത്തു. സംസ്ഥാന ട്രഷറർ ഒ.സി. സലാഹുദ്ധീൻ തിരഞ്ഞെടുപ്പ് നിയന്ത്രിച്ചു.

'ആശ' സമരക്കാർക്ക് ഐക്യദാർഢ്യം

തൃശൂർ : കഴിഞ്ഞ 31 ദിവസം പിന്നിട്ട, തികച്ചും ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടറിയേറ്റിന് മുന്നിൽ സമരം നടത്തുന്ന ആശവർക്കർമാർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് സി എംപി തൃശൂർ ജില്ലാ കൗൺസിൽ 'ഐക്യദാർഢ്യ സദസ്'നടത്തി.കേന്ദ്ര സംസ്ഥാന, സർക്കാരുകൾ പരസ്പരം കുറ്റപ്പെടുത്തി, പരിഹാരം കാണാതെ നീട്ടികൊണ്ട് പോകുന്നതിൽ , യോഗം കടുത്ത പ്രതിഷേധം രേഖപ്പെടുത്തി. കോർപറേഷൻ ഓഫീസിനു മുന്നിൽ സിഎംപി സംസ്ഥാന അസി. സെക്രട്ടറി വികാസ് ചക്രപാണി ഉദ്ഘാടനം നിർവഹിച്ചു. ഏരിയ സെക്രട്ടറി ജോസ് മാറോക്കി അദ്യക്ഷത വഹിച്ചു. ജില്ലാ ജോ. സെക്രട്ടറി പി ജെ തോമസ് മാസ്റ്റർ, സുരേഷ് തയ്യൂർ, തുടങ്ങിയവർ സംസാരിച്ചു.ശശി നെട്ടിശേരി സ്വാഗതവും, സിന്ധു കെ കെ നന്ദിയും പറഞ്ഞു.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) സംഘടിപ്പിക്കുന്ന ബോധവൽക്കരണ യാത്രയ്ക്ക് തൃശൂരിലെ ഹോട്ടൽ എലൈറ്റ് ഇന്റർനാഷനലിൽ നൽകിയ സ്വീകരണ സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. കെ എ ശ്രീവിലാസൻ സംസാരിക്കുന്നു.

'മേനാച്ചേരി എരിഞ്ഞേരി തോമ' മീഡിയ അവാർഡിന് അപേക്ഷ ക്ഷണിച്ചു

തൃശൂർ: പ്രമുഖ സാഹിത്യ സാംസ്കാരിക സംഘടനയായ സഹൃദയ വേദിയുടെ 2024 ലെ മേനാച്ചേരി എരിഞ്ഞേരി തോമ മീഡിയ അവാർഡിന് അപേക്ഷ ക്ഷണിച്ചു. ഇത്തവണ അച്ചടി മാധ്യമരംഗത്തുള്ളവർക്കാണ് അവാർഡ്. 2024 ജനുവരി ഒന്നു മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ച മാനവീക വിഷയാധിഷ്ഠിത രചനകൾക്കോ (ഹ്യൂമൻ ഇന്ററസ്റ്റസ് സ്റ്റോറീസ്) ചരിത്രപരമായ സൃഷ്ടികൾക്കോ (ഹിസ്റ്റോറിക്കൽ സ്റ്റോറീസ്) ആണ് പുരസ്കാരം നൽകുക. പ്രസ്തുത കാലയളവിൽ ഒരാളുടേതായി ഈ വിഷയത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മുഴുവൻ സൃഷ്ടികളും ഒരുമിച്ച് ഒറ്റ എൻട്രിയായോ വേർതിരിച്ചോ അയക്കാവുന്നതാണ്. വിദഗ്ധരടങ്ങിയ മൂന്നംഗ ജൂറി വിലയിരുത്തി അവാർഡ് ജേതാവിനെ തെരഞ്ഞെടുക്കുന്നതും ഏപ്രിൽ മാസത്തിൽ സമ്മാനം വിതരണം ചെയ്യുന്നതുമാണ്. 11, 111 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. ഒരു ഒറിജിനൽ കോപ്പിയും രണ്ട് പകർപ്പുകളും അടങ്ങിയ എൻട്രികൾ മാർച്ച് 25 നകം ബേബി മൂക്കൻ, സെക്രട്ടറി, സഹൃദയ വേദി, പി.ബി. നമ്പർ 531 , തൃശൂർ -680020 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. ബൈ ലെയിൻ ഇല്ലാത്ത സ്റ്റോറികളാണെങ്കിൽ മേലധികാരിയുടെ സാക്ഷ്യപത്രം എൻട്രിയോടൊപ്പം നിർബന്ധമാണ്. കഴിഞ്ഞ വർഷം ദൃശ്യ മാധ്യമ വിഭാഗത്തിൽ 24 ന്യൂസിലെ പി.പി. ജെയിംസിനായിരുന്നു അവാർഡ്. ഒന്നിടവിട്ട വർഷങ്ങളിലാണ് ദൃശ്യ- അച്ചടി വിഭാഗങ്ങളിൽ അവാർഡുകൾ സമ്മാനിക്കുന്നത്.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP No.: 1840/2023

ചാവക്കാട് താലൂക്ക്, നാട്ടിക അംശം ദേശത്ത്, പനക്കൽ മനോഹരൻ മകൻ 37 വയസ്, കാർത്തിക മനോഹരൻ വേണ്ടി പവർ ഓഫ് അറ്റോർണി ഹോൾഡറും പിതാവുമായ ചാവക്കാട് താലൂക്ക്, നാട്ടിക അംശം ദേശത്ത് പനക്കൽ രാഘവൻ മകൻ 66 വയസ്സ് മനോഹരൻ

-ഹരജിക്കാരി

1) കൊടുങ്ങല്ലൂർ താലൂക്ക്, കൈപ്പമംഗിം അംശം കൂരിക്കുഴി ദേശത്ത് ഇരിങ്ങതുരുത്തി അശോകൻ മകൻ 39 വയസ് ബബ്ലു അശോകൻ

-ഒന്നാം എതൃകക്ഷി

2) ചാവക്കാട് താലൂക്ക്, ഏങ്ങണ്ടിയൂർ അംശം കുണ്ടലിയൂർ ദേശത്ത്, കുണ്ടലിയൂർ പി ഒ., ഹോട്ടൽ ആര്യഭവനു സമീപം താമസിക്കുന്ന കുട്ടമ്പപ്പറമ്പത്ത് രാജേഷ് ഭാര്യ 40 വയസ് സ്വപ്ന

-അഞ്ചാം എതൃകക്ഷി

പത്രപരസ്യം

മേൽ നമ്പർ കേസ് ഹരജിക്കാരിക്ക് തന്റെ സ്വർണ്ണാഭരണങ്ങളും പണവും സാധന സാമഗ്രികളും എതിർകക്ഷികളിൽ നിന്നും തിരികെ ലഭിക്കുന്നതിന് വേണ്ടിയാണ് മേൽ നമ്പർ ഹരജി ബോധിപ്പിച്ചിട്ടുള്ളത്. മേൽ നമ്പർ കേസ് **27-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ബഹു. കോടതിയിൽ ഹാജരായി ആക്ഷേപവും മറ്റോ ബോധിപ്പിക്കാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 17-02-2025

ഹരജിക്കാരി ഭാഗം അഡ്വക്കെറ്റ്

JEOTHIBASU A.S. (ഒപ്പ്)

ചാലക്കുടിയിൽ വാഹനാപകടം: ബൈക്ക് യാത്രക്കാരന് ദാരുണാന്ത്യം

തൃശൂർ:പോട്ട ആശ്രമം സിഗ്നൽ ജംഗ്ഷനിൽ ബൈക്കും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ യുവാവിന് ദാരുണാന്ത്യം. വി.ആർ. പുരം ഞാറക്കൽ അശോകന്റെ മകൻ അനീഷ് (40) ആണ് മരിച്ചത്. ഇന്ന് വ്യാഴാഴ്ച രാവിലെ ഏഴരയോടെയാണ് സംഭവം. മരപ്പണിക്കാരനായ അനീഷ് ജോലിക്ക് പോകുമ്പോഴാണ് അപകടം.

റോഡ് മുറിച്ചുകടക്കുന്നതിനിടയിൽ ബൈക്ക്, ലോറിയിൽ ഇടിക്കുകയായിരുന്നു. രാസവസ്തു കയറ്റി വരികയായിരുന്നു ലോറി. ഇടിച്ചതിന് പിന്നാലെ തീപ്പിടിച്ച ലോറി കത്തിനശിക്കുകയും ചെയ്തു. ലോറി കത്തിയത് രക്ഷാപ്രവർത്തനത്തിന് തടസ്സമുണ്ടാക്കി.

ലോറി ഇടിച്ചശേഷം ബൈക്കിനെ 100 മീറ്ററോളം വലിച്ചിഴച്ച ശേഷമാണ് നിന്നത്. ഇതിനിടയാണ് ലോറിക്ക് തീപിടിച്ചത്. ലോറിക്ക് തീപിടിച്ചത് അനീഷിന്റെ ദേഹത്ത് പൊള്ളലേൽക്കാനും കാരണമായി.

ആറ്റുകാൽ പൊങ്കാല മഹോത്സവം ഇന്ന്; ഭക്തിസാന്ദ്രമായി തലസ്ഥാന നഗരി

തൃശൂർ: ചരിത്ര പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല ഇന്ന്. അടുപ്പുകൾ കൂട്ടി, ഒരുക്കങ്ങൾ പൂർത്തിയാക്കി ആറ്റുകാൽ ദേവിക്ക് പൊങ്കാല അർപ്പിക്കാൻ പ്രാർത്ഥനയോടെ കാത്തിരിക്കുകയാണ് ഭക്തർ. തലസ്ഥാന നഗരിയിലെങ്ങും ഭക്തരുടെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. രാവിലെ 10:15 നാണ് അടുപ്പുവെട്ട്.

ഇത്തവണ തലസ്ഥാന നഗരിയിൽ പൊങ്കാല സമർപ്പണത്തിന് മുൻവർഷങ്ങളിലേക്കാൾ തിരക്ക്. ഇന്നലെ വൈകീട്ട് ദേവീദർശനത്തിനായി നീണ്ട ക്യൂ ഉണ്ടായിരുന്നു. രാവിലെ 9.45 ന് ശുദ്ധ പുണ്യാഹത്തോടെ പൊങ്കാല ചടങ്ങുകൾ തുടങ്ങി. 10.15 നാണ് അടുപ്പുവെട്ട്. 1.15 നാണ് നിവേദ്യം. പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് പൊലീസ് അറിയിച്ചിട്ടുണ്ട്. ക്ലബുകളും റസിഡന്റ്സ് അസോസിയേഷനുകളും പൊങ്കലയർപ്പണത്തിന് വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ക്ഷേത്രപരിസരത്ത് മാത്രമല്ല നഗരത്തിലെ വിവിധ സ്ഥലങ്ങളിലും അടുപ്പുകൾ നിരന്നിട്ടുണ്ട്

വീട്ടിലെ കിണർ വൃത്തിയാക്കുന്നതിനിടെ കുടുംബനാഥൻ ശ്വാസം കിട്ടാതെ മരിച്ചു

കുന്നംകുളം : എരുമപ്പെട്ടി കരിയന്നൂരിൽ കിണർ വൃത്തിയാക്കുന്നതിനിടെ കുടുംബനാഥൻ ശ്വാസം കിട്ടാതെ മരിച്ചു. ഐനിക്കുന്നത് അബ്ദുള്ള (63) ആണ് മരിച്ചത്. ഇന്ന് വൈകിട്ട് അഞ്ച് മണിയോടെയാണ് സംഭവം. വീട്ടുമുറ്റത്തെ കിണറിൽ നിന്നും ദുർഗന്ധം വമിച്ചതിനെ തുടർന്ന് വൃത്തിയാക്കാൻ ഇറങ്ങിയതായിരുന്നു അബ്ദുള്ള. എന്നാൽ കുറച്ചു ദൂരം എത്തിയപ്പോഴേക്കും ശ്വാസം കിട്ടാനാകാതെ കിണറിലേക്ക് കുഴഞ്ഞു വീഴുകയായിരുന്നു. ഉടൻ തന്നെ കുന്നംകുളം ഫയർഫോഴ്സിൽ വിവരമറിയിച്ചു. നാട്ടുകാരുടെ സഹായത്തോടെ കുന്നംകുളം ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർ അബ്ദുള്ളയെ പുറത്തെടുത്തു. വെള്ളറക്കാട് സഹചാരി ആംബുലൻസിൽ അത്താണി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. ഭാര്യ: ഫാത്തിമ, മക്കൾ: റഫീക്ക്, റഷീദ്, റസീന

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP No.: 43/2024

സീനത്ത്

-ഹരജിക്കാരി

സുധീർ, കമ്പനി ജോലി, 49 വയസ്, S/o. കുഞ്ഞാവുട്ടി, രായംമരയ്ക്കാർ ഹൗസ്, ആയമുക്ക്, ചിറനെല്ലൂർ, പി ഒ കേച്ചേരി, തൃശൂർ, പിൻ-680501

-എതൃകക്ഷി

മേൽ നമ്പർ കേസിൽ ഹരജി ഉത്തരവുപ്രകാരം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **21-04-2025** തിയ്യതി പകൽ 11 മണിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 06-03-2025

ഹരജിഭാഗം അഡ്വക്കെറ്റ്

വി സി ലത്തീഫ് (ഒപ്പ്)

ഐഎംഎ ബോധവൽക്കരണ യാത്രക്ക് സ്വീകരണം നൽകി

തൃശൂർ: ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) കേരള ചാപ്റ്റർ സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന എന്നെന്നും നിങ്ങൾക്കൊപ്പം ബോധവൽക്കരണ യാത്രയ്ക്ക് ജില്ലയിൽ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകി. ഐഎംഎ സംസ്ഥാന പ്രസിഡന്റ് ഡോ. കെ എ ശ്രീവിലാസനാണ് യാത്ര നയിക്കുന്നത്. കുന്നംകുളം, തൃപ്രയാർ, ചാലക്കുടി, തൃശൂർ എന്നിവിടങ്ങളിലെ സ്വീകരണം ഏറ്റുവാങ്ങിയ ശേഷം ബോധവൽക്കരണ യാത്ര എറണാകുളം ജില്ലയിൽ പ്രവേശിച്ചു.

തൃശൂരിലെ ഹോട്ടൽ എലൈറ്റ് ഇന്റർനാഷനലിൽ നടന്ന സ്വീകരണ സമ്മേളനം ഐഎംഎ സംസ്ഥാന പ്രസിഡന്റ് ഡോ. കെ എ ശ്രീവിലാസൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി ചെയർമാൻ ഡോ. ഡിറ്റോ ടോം അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ.കെ ശശിധരൻ, സംസ്ഥാന ട്രഷറർ ഡോ. റോയ് ആർ ചന്ദ്രൻ, വൈസ് പ്രസിഡന്റ് ഡോ. സുദർശൻ കെ, ജോയിന്റ് സെക്രട്ടറി ഡോ. അലക്സ് ഇട്ടിച്ചെറിയ, ഡോ. പി ഗോപികുമാർ, തൃശൂർ ബ്രാഞ്ച് പ്രസിഡന്റ് ഡോ. ജോസഫ് ജോർജ്, ജില്ലാ കൺവീനർ ഡോ.മോളി ബേബി എന്നിവർ പ്രസംഗിച്ചു.

ഡോക്ടർ - രോഗി ബന്ധം ശക്തമാക്കാനും വർധിച്ചു വരുന്ന ആശുപത്രി ആക്രമണങ്ങൾ തടയുന്നതിന്റെയും ഭാഗമായി യാത്രാ സംഘം ഡോക്ടർമാരോടും പൊതുജനങ്ങളോടും സംവദിച്ചു. സംഘം ജൂബിലി മിഷൻ മെഡിക്കൽ കോളജിലെയും തൃശൂർ മെഡിക്കൽ കോളജിലെയും അമല മെഡിക്കൽ കോളജിലെയും ഡോക്ടർമാരുടെയും മെഡിക്കൽ വിദ്യാർഥികളുടെയും പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞു. കാസർഗോഡ് നിന്ന് മാർച്ച് ആറിനാണ് യാത്ര ആരംഭിച്ചത്. മാർച്ച് 16ന് തിരുവനന്തപുരം ഐഎംഎ ഹെഡ്കോട്ടേഴ്സിൽ യാത്ര സമാപിക്കും.

അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർക്ക് യാത്രയയപ്പ് നൽകി

വടക്കാഞ്ചേരി :വടക്കാഞ്ചേരി ബാർ അസോസിയേഷന്റെ അഭിമുഖ്യത്തിൽ വടക്കാഞ്ചേരി മജിസ്ട്രേറ്റ് കോടതിയിൽ നിന്നും കുന്ദമംഗലം മജിസ്ട്രേറ്റ് കോടതിയിലേക്ക് സ്ഥലം മാറിപ്പോകുന്ന അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർ ഡോ. കെ. സിനിയക്ക് യാത്രയയപ്പ് നൽകി.യോഗത്തിൽ വടക്കാഞ്ചേരി ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എൽദോ പൂക്കുന്നേൽ അധ്യക്ഷത വഹിച്ചു. അഡ്വ. എ. കെ. സുരേന്ദ്രൻ, അഡ്വ : വി. പി. മഹേശ്വരൻ, അഡ്വ.കെ. സജിത് കുമാർ ,അഡ്വ .ടി. എ. നജീബ്, അഡ്വ .ടി. എസ്. മായാദാസ് ബാർ അസോസിയേഷൻ സെക്രട്ടറി അഡ്വ.പി.വിഷ്ണുദേവ് ., അഡ്വ .നെവിൻ ജോർജ്ജ്, അഡ്വ .ശ്രീലേഖ, അഡ്വ . ജിസ്ന ഷാജി എന്നിവർ പ്രസംഗിച്ചു. അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർ ഡോ. കെ.സിനിയ മറുപടി പ്രസംഗം നടത്തി.

മറ്റു ഭാഷകളെ സ്വീകരിക്കാൻ ദുരഭിമാനമില്ലാത്ത ക്ലാസ്സിക് ഭാഷയാണ് മലയാളം: പി.എൻ ഗോപീകൃഷ്ണൻ

ഇരിങ്ങാലക്കുട: എപ്പോഴും വിവർത്തനസജ്ജമായിരിക്കുന്ന ഭാഷയാണ് മലയാളമെന്നും മറ്റു ഭാഷകളെ സ്വീകരിക്കാൻ ദുരഭിമാനമില്ലാത്ത ക്ലാസ്സിക് ഭാഷയാണതെന്നും കവിയും എഴുത്തുകാരനുമായ പി.എൻ ഗോപീകൃഷ്ണൻ അഭിപ്രായപ്പെട്ടു.

സെന്റ് ജോസഫ്സ് കോളേജിലെ മലയാളവിഭാഗം സംഘടിപ്പിച്ച ഏകദിന വിവർത്തനശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മലയാളഭാഷയുടെ പിതാവു തന്നെ ഒരു വിവർത്തകൻ ആണെന്നുള്ളത് വിവർത്തനത്തിന്റെ സാംസ്കാരിക പ്രാധാന്യത്തെ എടുത്തു കാണിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.മലയാളവിഭാഗം അദ്ധ്യക്ഷ ഡോ.ജെൻസി കെ.എ സ്വാഗതമാശംസിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ.സിസ്റ്റർ ബ്ലെസി അദ്ധ്യക്ഷപദം അലങ്കരിച്ചു.ഡബ്ലിയു എം ഒ ഐ ജി ആർട്സ് ആൻഡ് സയൻസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.ദിവ്യ ഒ.ഡി ശില്പശാലക്ക് നേതൃത്വം നൽകി.കാലിക്കറ്റ് യൂണിവേഴ്സിറ്റി എഫ് വൈ യു ജി പി എഇസി കോഴ്സിന്റെ ഓപ്പൺ എൻഡഡ് മൊഡ്യൂളിന്റെ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചത്.പ്രോഗ്രാം കോർഡിനേറ്ററും മലയാളവിഭാഗം അധ്യാപികയുമായ വിദ്യ എം വി നന്ദി രേഖപ്പെടുത്തി.

അയ്യപ്പൻകുട്ടി, ഖാദർ പട്ടേപ്പാടം, ഡോ കെ രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. പ്രതിഷേധ പഞ്ചാരി, കവിതാലാപനം തുടങ്ങിയ പരിപാടികൾ അരങ്ങേറി.

കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പ്

തിരു: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നൽ ജാഗ്രതാനിർദ്ദേശം നിലനിൽക്കുന്നുണ്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോ മീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 50 കിലോമീറ്റർ വരെയും വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

റമ്ളാൻ റിലീഫ് വിതരണം നടന്നു

തൃശൂർ : ആത്മ സംസ്കരണത്തിന്റെ പൂക്കാലം എന്ന സന്ദേശവുമായി മുല്ലക്കര മുസ്ലിം മഹല്ല് ജമാത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഒരു മാസം നീണ്ടു നിൽക്കുന്ന റമളാൻ ക്യാമ്പയിന്റെ ഭാഗമായി മഹല്ല് കാരുണ്യ സ്പർശം പദ്ധതിയിലൂടെ റമളാൻ റിലീഫ് വിതരണം നടന്നു . വലത് കൈ കൊണ്ട് കൊടുക്കുന്നത് ഇടത് കൈ അറിയരുത് എന്ന പ്രവാചക വചനത്തെ മാതൃകയാക്കി മഹല്ലിലെ അർഹരായ കുടുംബങ്ങളിലേക്ക് റമളാൻ കിറ്റുകൾ നേരിട്ടെത്തിച്ച് മഹല്ല് മാതൃകയായി

'ടി. ബി. ബിയോണ്ട് ലംഗ്സ്'

തൃശൂർ: അമല മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും ഡിസ്ട്രിക്ട് ടി.ബി. സെന്ററും സംയുക്തമായി നടത്തിയ 'ടി. ബി. ബിയോണ്ട് ലംഗ്സ്' എന്ന വിഷയത്തെ അധിഷ്ഠിതമാക്കി നടത്തിയ തുടർവിദ്യഭ്യാസ പരിപാടി തൃശൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എൻ. അശോകൻ നിർവഹിച്ചു. അമല ജോയിന്റ് ഡയറക്ടർ റവ. ഫാ. ഡെൽജോ പുത്തൂർ CMI അധ്യക്ഷത വഹിച്ചു. തൃശ്ശൂർ ജില്ലാ ടി. ബി. ഓഫീസർ ഡോ. അജയ് രാജ്, അമല കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. സി. ആർ. സാജു, സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് ചെയർപേഴ്സൺ ഡോ. ഡേവിസ് പോൾ, സോണൽ ടാസ്ക് ഫോഴ്സ് ചെയർപേഴ്സൺ ഡോ. സഞ്ജീവ് നായർ, ഡിസ്ട്രിക്ട് സർവിലൻസ് ഓഫീസർ ഡോ. സതീഷ്, തൃശൂർ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ഡോ. സജീവ് കുമാർ, അമല കമ്മ്യൂണിറ്റി മെഡിസിൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്രുതി, അമല ടി ബി ഓഫീസർ ഡോ. നീതു ഇ. എസ്. എന്നിവർ സംസാരിച്ചു.

ഇടിമിന്നലേറ്റ് വയോധികയ്ക്ക് ദാരുണാന്ത്യം

അങ്കമാലി: എറണാകുളം അങ്കമാലിയിൽ ഇടിമിന്നലേറ്റ് വയോധിക മരിച്ചു. വേങ്ങൂർ സ്വദേശി വിജയമ്മ വേലായുധൻ (65) ആണ് മരിച്ചത്. ഇന്നലെ വൈകീട്ട് നാല് മണിയോടെയായിരുന്നു അപകടം.

കഴകനിയമനവിവാദം; പ്രതിഷേധ മാർച്ച്

ഇരിങ്ങാലക്കുട :കൂടൽമാണിക്യം ക്ഷേത്രത്തിലെ ജാതി വിവേചനത്തിനെതിരെ എസ് എൻഡിപി യോഗം യൂത്ത് മൂവ്മെന്റ് തൃശ്ശൂർ ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് . യോഗം കൗൺസിലർ പി കെ പ്രസന്നൻ ഫ്ലാഗ് ഓഫ് ചെയ്ത് മാർച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് ക്ഷേത്ര നടയിൽ എസ്. എൻ.ഡി.പി യോഗം യൂത്ത് മൂവ്മെന്റ് സംസ്ഥാന വൈസ് പ്രസിഡന്റ് എൻ വി.രഞ്ജിത്തിന്റെ അധ്യക്ഷതയിൽ നടത്തിയ ധർണ്ണ യോഗം കൗൺസിലർ ബേബി റാം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡണ്ട് രജീഷ് മാരിക്കൽ, യൂത്ത് മൂവ്മെന്റ് സംസ്ഥാന ജോയിന്റ് സെക്രട്ടറി അനൂപ് കെ ദിനേശൻ, സംസ്ഥാന കമ്മിറ്റി അംഗം നിവിൻ ചെറാക്കുളം, യൂത്ത് മൂവ്മെന്റ് തൃശ്ശൂർ ജില്ല വൈസ് ചെയർമാൻ റെജിൽ കെ ആർ, ജില്ലയിലെ യൂണിയൻ സെക്രട്ടറിമാരായ കെ. എ ഉണ്ണികൃഷ്ണൻ, ടി.കെ.രവീന്ദ്രൻ, പി.കെ മോഹനൻ, സി. ഡി. ശ്രീലാൽ, ബ്രുഗുണൻ മനയ്ക്കലാത്ത്, യൂണിയൻ പ്രസിഡന്റ് സുബിൻ കെ.എസ്, യൂണിയൻ കൺവീനർ പി കെ രവീന്ദ്രൻ, യൂത്ത് മൂവ്മെന്റ് യൂണിയൻ നേതാക്കന്മാരായ അഡ്വ ജിനേഷ്, സുശീൽ കുമാർ, പ്രശാന്ത് ഇ പി, വിനൂപ്.കെ എസ്, സമൽ രാജ്, കെ. എസ്. ശിവറാം,ശ്രീരാജ്, നിഖിൽ വൈക്കത്താടൻ, ശരത് പെരുമറത്ത്, ദീപക് കുഞ്ഞുണ്ണി സൈബർ ജില്ലാ കൺവീനർ അഭിലാഷ് നെല്ലായി , യൂത്ത് മൂവ്മെന്റ് സംസ്ഥാന ജോയിൻ സെക്രട്ടറി ചിന്തു ചന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

തന്ത്രിമാരുടെ നിഷേധാത്മക നിലപാടിനെതിരെ പുരോഗമനകലാസാഹിത്യസംഘം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സർഗ്ഗാത്മക പ്രതിഷേധ സദസ്സ് സംസ്ഥാന സെക്രട്ടറി സി രാവുണ്ണി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് അഡ്വ വി ഡി പ്രേം പ്രസാദ് അധ്യക്ഷത വഹിച്ചു. പ്രഭാകരൻ പഴശ്ശി, എം എൻ വിനയകുമാർ, പ്രേംലാൽ , സജു ചന്ദ്രൻ, ഉദിമാൻ

കോടതി പരസ്യം

ബഹു. തൃശൂർ കമേഴ്സ്യൽ കോടതി മുമ്പാകെ

CS: 33/2022

ICICI ബാങ്ക് ലിമിറ്റഡ്

-അന്യായം

മിഥുൻ ഇ.വി, S/o. വിശംഭരൻ, ഈശ്വരമംഗലത്ത് ഹൗസ്, ആളൂർ പി ഒ., Near ചെറുക്കുന്ന് ക്ഷേത്രം, തൃശൂർ-680683

-1-ാം പ്രതി

മേൽ നമ്പർ അന്യായത്തിൽ 1-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനും കല്പിച്ച് മേൽ നമ്പർ കേസ് **21-06-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാപക്ഷം താങ്കളെ ക